മാതൃഭൂമി
Mathrubhumi Online

Sunday, 13th January, 2008
www.Mathrubhumi.com

# സഭകളുടെ തര്‍ക്കത്തില്‍ സര്‍ക്കാര്‍ നീതിക്ക്‌ ശ്രമിക്കുന്നു - മന്ത്രി ശര്‍മ

മുളന്തുരുത്തി: സഭകളുടെ തര്‍ക്കത്തില്‍ നീതി നടപ്പാക്കണമെന്നാണ്‌ സര്‍ക്കാര്‍ ആഗ്രഹിക്കുന്നതെന്ന്‌ മന്ത്രി എസ്‌. ശര്‍മ പറഞ്ഞു. ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെടാതെ സംരക്ഷിക്കുകയെന്നത്‌ സര്‍ക്കാരിന്റെ നയവും കാഴ്ചപ്പാടും ആയിരിക്കും.

മുളന്തുരുത്തി പള്ളി സ്ഥാപിക്കപ്പെട്ടതിന്റെ 9-ാം ശതവത്സര ജൂബിലി ആഘോഷസമ്മേളനത്തില്‍ ശ്രേഷ്ഠ കാതോലിക്ക മോര്‍ ബസ്സേലിയോസ്‌ തോമസ്‌ പ്രഥമന്‍ ബാവയുടെ ജൂബിലി ആഘോഷം ഉദ്‌ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പൗരോഹിത്യ ജീവിതത്തിനിടയില്‍ ഒരുപാട്‌ പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടും തളരാത്ത മനസ്സുമായി ഏതൊരു പരീക്ഷണങ്ങളെയും സുധീരമായി നേരിടുന്നതിനും ഏവരുടെയും വിശ്വാസം ആര്‍ജിക്കുന്നതിനും ബാവയ്ക്ക്‌ കഴിഞ്ഞിട്ടുണ്ടെന്ന്‌ മന്ത്രി പറഞ്ഞു.

ജൂബിലി പൊതുസമ്മേളനം ഡോ. ജോസഫ്‌ മാര്‍ത്തോമാ മെത്രാപ്പോലീത്ത ഉദ്‌ഘാടനം ചെയ്തു. ചരിത്രത്തിലേക്ക്‌ തിരിഞ്ഞുനോക്കിയാല്‍ തര്‍ക്കംകൂടാതെ പള്ളികള്‍ ഭൂരിപക്ഷത്തിന്‌ വിട്ടുകൊടുത്ത്‌ ന്യൂനപക്ഷം ഒഴിഞ്ഞുകൊടുത്തുവെന്ന്‌ കാണാം. തുല്യാവകാശം ഉള്ളിടങ്ങളില്‍ അവകാശംപറ്റി വേറെ പള്ളികള്‍ സ്ഥാപിച്ചു. അന്ന്‌ കോടതികയറ്റം നിര്‍ത്തിയതുകൊണ്ട്‌ ഇരുസഭകള്‍ക്കും ഗുണകരമായി. അങ്ങനെ ഒരു സാഹചര്യം ഉണ്ടാകട്ടെയെന്ന്‌ പ്രാര്‍ഥിക്കുന്നുവെന്നും മെത്രാപ്പോലീത്ത പറഞ്ഞു.

പള്ളിയങ്കണത്തില്‍ നടന്ന സമ്മേളനത്തില്‍ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ജോസഫ്‌ മോര്‍ ഗ്രിഗോറിയോസ്‌ അധ്യക്ഷനായി. ജൂബിലിയുടെ ഭാഗമായി നിര്‍മിക്കുന്ന മുളന്തുരുത്തി മാര്‍ത്തോമന്‍ പള്ളി ‘ചരിത്രം ഉറങ്ങുന്ന

വഴികളിലൂടെ' എന്ന ഡോക്കുമെൻററിയുടെ സ്വിച്ച്ഓൺ കർമം മന്ത്രി മാത്യു ടി. തോമസും ജൂബിലിഭവനദാനപദ്ധതിയുടെ ഉദ്ഘാടനം മന്ത്രി മോൻസ് ജോസഫും നിർവഹിച്ചു. പള്ളി നവീകരണപൂർത്തീകരണ സമർപ്പണം ശ്രേഷ്ഠ കാതോലിക്കാ ബാവ നിർവഹിച്ചു.



ജൂബിലി ആഘോഷിക്കുന്ന ശ്രേഷ്ഠ കാതോലിക്കാ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയെ ആദരിക്കുകയുമുണ്ടായി. മെത്രാപ്പോലീത്തമാരായ ഡോ. മാത്യൂസ് മോർ ഈവാനിയോസ്, ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ്, ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, മാർക്കോസ് മോർ ക്രിസോസ്റ്റമോസ്, മാത്യൂസ് മോർ തേവോദോസ്യോസ്, ഗീവർഗീസ് മോർ കൂറിലോസ്, ഏലിയാസ് മോർ അത്താനാസ്യോസ്, കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ, കെ. ബാബു എംഎൽഎ, എം.എം. മോനായി എംഎൽഎ, യുഡിഎഫ് കൺവീനർ പി.പി. തങ്കച്ചൻ, മുൻ മന്ത്രി ടി.എം. ജേക്കബ്ബ്, മഹാത്മാഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലർ ഡോ. സിറിയക്ക് തോമസ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.എസ്. കൊച്ചുകുഞ്ഞ്, സഭാ സെക്രട്ടറി ബറീത്തോ മ്ഹീറോ, തമ്പു ജോർജ് തുകലൻ, വികാരി ബേബി ചാമക്കാലാ കോറെപ്പിസ്കോപ്പ എന്നിവർ പ്രസംഗിച്ചു. വമ്പിച്ച കുടുംബസംഗമറാലിയും നടന്നു.

http://www.mathrubhumi.com/php/newsFrm.php?news_id=1214247&n_type=RE&category_id=4&Farc=